**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.837 30.11.2018 -ലെ മറുപടിക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയൽ, ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പംചാൽ എന്നീ പട്ടികജാതി കോളനികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (എ) | കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയൽ കോളനിയുടെ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികളിൽ 50% പൂർത്തീകരിച്ചിട്ടുണ്ട്. വിജ്ഞാൻവാടി കെട്ടിടത്തിന്റെ 1-ാം നിലയുടെ മേൽക്കൂര വരെയും, ജോബ് ട്രെയിനിംഗ് സെന്ററിന്റെ 1-ാം നിലയുടെ മേൽക്കൂരവരെയും, നടപ്പാലത്തിന്റെ പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. 2019 ജനുവരി 30-നകം പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പംചാൽ കോളനിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ